# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1721** — **11-02-2013 ൽ മറുപടിയ്ക്ക്**

## ചാത്തന്നൂർ ഏലായിലെ പുഞ്ചകൃഷി പദ്ധതി

| **ചോദ്യം**<br>ശ്രീ.ജി.എസ്.ജയലാൽ | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലായിൽ കൃഷിവകുപ്പിന്റെയും, ത്രിതല പഞ്ചായത്തുകളുടെയും നേതൃത്വത്തിൽ പുഞ്ചകൃഷി നടത്തുവാൻ നടപടി സ്വീകരിച്ചവോ; എങ്കിൽ എത്ര ഏക്കർ ഭൂമിയിലാണ് കൃഷി നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ, പോളച്ചിറ ഏലായിൽ ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ പുഞ്ചകൃഷി നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 250 ഏക്കർ സ്ഥലത്ത് കൃഷി നടത്തുവാൻ നടപടി സ്വീകരിച്ചു. |
| (ബി) കൃഷി നടത്തുന്ന കർഷകർക്ക് ഏതൊക്കെ ഏജൻസികളിൽ നിന്നും എന്തൊക്കെ സഹായങ്ങൾ ഉല്പാദനോപാധികളായും സാമ്പത്തികമായും നൽകുന്നുണ്ട്; ഏജൻസി തിരിച്ച് അറിയിക്കുമോ; | (ബി) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും വിത്ത്, കുമ്മായം, രാസവളം, കീടനാശിനി, പൂട്ടുകൂലി എന്നിവ നല്കുന്നു. ജില്ലാ പഞ്ചായത്തിൽ നിന്നും 5,36,500/- രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 1,07,300/- രൂപയും ഗ്രാമപഞ്ചായത്തിൽ നിന്നും 6,01,200/- രൂപയും എന്ന രീതിയിൽ ഉല്പാദനോപാധികളും സാമ്പത്തികവും നല്കുന്നു. അതിൽ പൂട്ടുകൂലിയിനത്തിൽ 4,50,000/- രൂപ നല്കുന്നു. |

| | | | |
|---|---|---|---|
| (സി) | നിലവിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്; ശേഷിക്കുന്ന സ്ഥലത്ത് കൃഷി ചെയ്യുന്നതിലേക്ക് തടസ്സങ്ങൾ വല്ലതുമുണ്ടോ; എങ്കിൽ എന്താണ്; | (സി) | 250 ഏക്കർ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്. പ്രോജക്ടിൽ 250 ഏക്കർ സ്ഥലമാണ് ത്രിതല പഞ്ചായത്തുകളുടെ ആനുകൂല്യത്തോടെ കൃഷിയ്ക്കായി വക വച്ചിട്ടുള്ളത്. ശേഷിക്കുന്ന സ്ഥലത്ത് കൃഷി ചെയ്യുന്നതിലേയ്ക്ക് തടസ്സങ്ങൾ ഒന്നുമില്ല. |
| (ഡി) | പോളച്ചിറ ഏലായിലെ കൃഷിഭൂമിയിൽ ഉപ്പിന്റെ അളവ് കൂടുതലാണെന്ന മണ്ണ് പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ഡി) | ഉപ്പിന്റെ അളവ് വളരെ കൂടുതലാണ്. (0.8 മുതൽ 8.6 വരെ) |
| (ഇ) | കൃഷിയിറക്കിയ കർഷകർക്ക് ആവശ്യമായ ജലം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ഇ) | ഉണ്ട്. കല്ലട ജലസേചന പദ്ധതിയിൽ നിന്നും ജലം തുറന്നു വിടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് ഇപ്പോൾ ജലം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ